വിത/നടീൽ മുതൽ വിളവെടുപ്പ്വരെ കാലാവസ്ഥയെ ആശ്രയിച്ച് നടപ്പിലാക്കുന്നതാണ്. അകാലമായുണ്ടാകുന്ന മഴ, വരൾച്ച തുടങ്ങിയവ വിളനാശത്തിന് കാരണമാകുന്നു. ഇതോടൊപ്പം അന്തരീക്ഷ താപനില, ആർദ്രത എന്നിവയിലുണ്ടാകുന്ന വ്യതിയാനം കീടരോഗാണുക്കളുടെ പെറ്റുപെരുകലിനും തദ്വാരാ വിളനാശത്തിനും കാരണമാകുന്നു.

(സി) കൃഷിവകുപ്പ് മുഖേന നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതി

175 (4215) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു ; കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ നിർമ്മാണ ജോലികളാണ് വിഭാവന ചെയ്തിരുന്നതെന്ന് അറിയിക്കാമോ; ഇതിൽ എത്രത്തോളം ജോലികൾ പൂർത്തീകരിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ ജോലികളിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,20,00,000 രൂപയുടെ പദ്ധതിക്ക് 14-3-2011-ന് ഭരണാനുമതി നൽകുകയും 6-8-2014-ന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പൂർത്തീകരണ കാലാവധി 2013 മാർച്ച് ആയിരുന്നു. പ്രസ്തുത കാലാവധി 2015 മാർച്ച് വരെ ദീർഘിപ്പിച്ചിരുന്നു.

(സി)

1. തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ.
2. തലച്ചിറ-കളം നിർമ്മാണം.
3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ

LIBRARY ARCHIVES Kerala Legislative Assembly

4. പാർശ്വഭിത്തി നിർമ്മാണം.

5. കലുങ്ക് നിർമ്മാണം

6. കലുങ്കിന്റെയും പമ്പ് ഹൗസിന്റെയും സൈഡ് ഭിത്തി നിർമ്മാണം

7. 50 എച്ച്.പി., പെട്ടി, പറ സ്ഥാപിക്കൽ

8. 50 എച്ച്.പി., എഞ്ചിൻ തറയും പമ്പ് ഹൗസ് നിർമ്മാണവും

9. (എ) ടാക്കർ പാസ്സേജ് വിത്ത് കൾവെർട്ട്

(ബി) നടപ്പാത നിർമ്മാണം

(സി) ഇറിഗേഷൻ പൈപ്പ് സ്ഥാപിക്കൽ

10. 10 എച്ച്.പി. മോട്ടോർ പമ്പ് സെറ്റും സിങ്കിംഗ് കിണർ നിർമ്മാണവും

പൂർത്തീകരിച്ച ജോലികൾ

1. കൾവെർട്ട്സ് - 3 എണ്ണം

2. സ്ലൂയിസ് -2 എണ്ണം

3. പെട്ടി, പറയുടെ അറ്റകുറ്റപ്പണികൾ

4. കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം

5. ഫുട്ട് സ്ലാബ് - 2 എണ്ണം

6. സൈഡ് പാറക്കെട്ട്

കൺവീനർക്ക് നൽകിയ തുക 75,88,433 രൂപ

(ഡി)

1. തലക്കുളം നിർമ്മാണം

2. തോടിന്റെ ആഴംകൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ

3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ

4. 50 എച്ച്.പി. പെട്ടി സ്ഥാപിക്കൽ

എന്നീ നിർമ്മാണ ജോലികൾ ശേഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly